# വ്യവസായ കേരളം

08

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JANUARY 2022


## പുതുവത്സരാശംസകൾ 2022



കേരള സന്ദർശനത്തിനെത്തിയ ആദരണീയനായ ഇന്ത്യൻ രാഷ്ട്രപതി **രാംനാഥ് കോവിന്ദിന്** മുളയിൽ തീർത്ത ഉപഹാരം സമ്മാനിച്ച് ബഹു.നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി **പി. രാജീവ്.** ആനമുളയിൽ തീർത്ത മനോഹരമായ മ്യുറൽ പെയിന്റിങ്ങാണ് മന്ത്രി രാഷ്ട്രപതിക്ക് കൈമാറിയത്.

### 2022 സംരംഭക വർഷം

# ലക്ഷ്യം : ഒരു ലക്ഷം പുതിയ എം.എസ്.എം.ഇ സംരംഭങ്ങൾ

2022 വർഷം സംരംഭക വർഷമായി ആചരിക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവ്. ഇതിന്റെ ഭാഗമായി എം.എസ്.എം.ഇ മേഖലയിൽ ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള കർമ്മപദ്ധതിക്ക് വ്യവസായ വകുപ്പ് രൂപം നൽകി. വകുപ്പ് നടപ്പിലാക്കുന്നതും വരും വർഷത്തിൽ നടപ്പാക്കേണ്ടതുമായ വിവിധങ്ങളായ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

ഉത്തരവാദിത്ത നിക്ഷേപത്തിന്റേയും ഉത്തരവാദിത്ത വ്യവസായത്തിന്റേയും കേന്ദ്രമാക്കി




കേരളത്തെ മാറ്റാനാണു സർക്കാർ ശ്രമിക്കുന്നത്. സംരംഭകത്വ വികസനത്തിനായി 2022 വ്യവസായ വർഷമായിക്കണ്ട് സംസ്ഥാനത്ത് ഒരുലക്ഷം സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.) ആരംഭിക്കും. കൂടാതെ ക്ലസ്റ്ററുകൾ വ്യാപിപ്പിക്കുന്നതിനും കോമൺ ഫെസിലിറ്റി സെന്ററുകൾ ഒരുക്കുന്നതിനും പദ്ധതിയുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനായി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഊന്നൽ കൊടുക്കും.

# ജനശ്രദ്ധയാകർഷിച്ചു കേരള അഗ്രോ ഫുഡ് പ്രോ 2021



സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംഘടിപ്പിച്ച കേരള അഗ്രോ ഫുഡ് പ്രോ 2021 പ്രദർശന വിപണനമേളയുടെ ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പു മന്ത്രി പി. രാജീവ് നിർവഹിച്ചു. കാർഷിക മേഖലയിലെ തനത് വിളകളുടേയും കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും യന്ത്രങ്ങളുടെയും പ്രദർശനവും വിപണനവുമാണ് മേളയിൽ ഒരുക്കിയിരുന്നത്. തിരുവനന്തപുരം, തൈക്കാട് പോലീസ് ഗ്രൗണ്ടിൽ 2021 ഡിസംബർ 17 മുതൽ 20 വരെ നടന്ന ഫെസ്റ്റ് ജന പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു.

ചടങ്ങിൽ വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ശ്രീ. എം.ജി.രാജമാണിക്യം ഐ.എ.എസ്, തൈക്കാട് വാർഡ് കൗൺസിലർ ശ്രീ. മാധവദാസ് ജി., തൃശ്ശൂർ എം.എസ്.എം.ഇ. ഡി.ഐ. ജോയന്റ് ഡയറക്ടർ ശ്രീ. ജി.എസ്.പ്രകാശ്, ഫിക്കി സംസ്ഥാന കൗൺസിൽ



ഹെഡ് ശ്രീ. സാവിയോ മാത്യു, കെ.എസ്.എസ്.ഐ.എ. സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ. എം. ഖാലിദ്, അഗ്രോ ഫുഡ് പ്രോ 2021 ഓർഗനൈസിങ് കമ്മിറ്റി ജനറൽ കൺവീനർ ശ്രീ. രാജീവ് ജി., കൺവീനർ ഡോ. കെ.എസ്.കൃപകുമാർ എന്നിവർ സംബന്ധിച്ചു.

ഒരു ജില്ല ഒരു ഉത്പന്നം' പദ്ധതിയിലൂടെ എല്ലാ ജില്ലകളിലെയും തനത് കാർഷികവിളകളുടെ മൂല്യവർധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഇതുമായി ബന്ധപ്പെട്ട യന്ത്രങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുടെ പ്രദർശനങ്ങളും മേളയിൽ ഉണ്ടായിരുന്നു. സാങ്കേതിക ശിൽപ്പശാലകളും, സെമിനാറുകളും ഉൽപന്നങ്ങളുടെ വിപണി ഉറപ്പ് വരുത്തുന്നതിനായി ബിസിനസ് മീറ്റും മേളയിൽ സംഘടിപ്പിച്ചിരുന്നു.



# മുളയിൽ തീർത്ത വിസ്മയ കാഴ്ചകളുമായി ബാംബൂ ഫെസ്റ്റിന്റെ പതിനെട്ടാം എഡിഷൻ

കേരള ബാംബൂ ഫെസ്റ്റിന്റെ പതിനെട്ടാം എഡിഷൻ 2021 ഡിസംബർ 19 ന് രാവിലെ 10 മണിക്ക് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വ്യവസായ വകുപ്പിന് വേണ്ടി കേരള സ്റ്റേറ്റ് ബാംബൂ മിഷനും (കെ.എസ്. ബി.എം), കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനും (കെ-ബിപ്) സംയുക്തമായി സംഘടിപ്പിച്ച 18 മത് ബാംബൂ മേള വൈവിധ്യങ്ങളായ മുള ഉത്പന്നങ്ങൾ കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു. 2021 ഡിസംബർ 19 മുതൽ 23 വരെ എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്താണ് മേള സംഘടിപ്പിച്ചത്.







ചടങ്ങിൽ ശ്രീ. ടി. ജെ വിനോദ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ബഹു. കൊച്ചി മേയർ ശ്രീ.എം. അനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'ഇൻട്രൊഡക്ഷൻ ടു സം ബാംബൂസ് ഓഫ് കേരള' എന്ന പുസ്തകം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും നാഷണൽ ബാംബൂ മിഷൻ കേരളയുടെ മിഷൻ ഡയറക്ടറുമായ ശ്രീ. എസ് ഹരികിഷോർ ഐ.എ.എസിന് നൽകി ബഹു. മന്ത്രി ശ്രീ. പി രാജീവ് പ്രകാശനം നിർവഹിച്ചു. കെഎഫ്ആർഐ ഡയറക്ടർ ഡോ. ശ്യാം വിശ്വനാഥ്, ബാംബൂ കോർപറേഷൻ എംഡി ശ്രീ.അബ്ദുൽ റഷീദ്, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ശ്രീ. ബിജു പി എബ്രഹാം, കെ-ബിപ് സി.ഇ.ഒ ശ്രീ. എസ്. സൂരജ് എന്നിവർ സംബന്ധിച്ചു. സംസ്ഥാന ബാംബൂ മിഷൻ മുഖേന പരിശീലനം നൽകി നിർമ്മിച്ച മുള കൊണ്ടുള്ള വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്ന ബാന്റാണ് മലമുഴക്കി, ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനവും ബഹു. മന്ത്രി നിർവ്വഹിച്ചു.



മുള ഉൽപ്പന്ന നിർമ്മാതാക്കൾ, കര കൗശല വിദഗ്ധർ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങി മുള ഉൽപ്പന്ന മേഖലയുമായി ബന്ധപ്പെട്ട 200 കരകൗശല തൊഴിലാളികളും 9 സ്ഥാപനങ്ങളുമാണ് മറൈൻ ഡ്രൈവ് മൈതാനത്തെ മേളയിൽ പങ്കെടുത്തത്.സംസ്ഥാന ബാംബൂ മിഷൻ മുഖേന രൂപകൽപ്പന ചെയ്ത കരകൗശല ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി പ്രത്യേക ബാംബൂ ഗ്യാലറിയും സജ്ജമാക്കിയിരുന്നു. മേളയോടനുബന്ധിച്ച് വൈകുന്നേരങ്ങളിൽ മുളയിൽ തീർത്ത സംഗീതോപകരണങ്ങളുടെ കലാസന്ധ്യയും ഒരുക്കിയിരുന്നു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.